പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1401 03/10/2016 -ൽ മറുപടിക്ക്

**എൻ.ആർ.എച്ച്.എം. വഴി നിയമിതരായിട്ടുള്ള സ്റ്റാഫ് നഴ്സുമാർ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.എം. മണി** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) | എൻ.ആർ.എച്ച്.എം. വഴി നിയമിതരായിട്ടുള്ള സ്റ്റാഫ് നഴ്സുമാർക്ക് ശമ്പളം ഉയർത്തി നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ നൽകുന്ന മാസശമ്പളം എത്ര രൂപയാണ്; | (എ) | നൽകിയിട്ടുണ്ട്. നിലവിൽ സ്റ്റാഫ് നഴ്സുമാരുടെ അടിസ്ഥാന ശമ്പളം 13,900 രൂപ ആണ്. കാലാകാലങ്ങളിൽ ആർ.ഒ.പി. പ്രകാരം അനുവദിച്ചുവരുന്ന വർദ്ധനവ് നൽകുന്നുണ്ട്. 2015-16 ലെ എൻ.എച്ച്.എം ROP (കേന്ദ്രസർക്കാർ അംഗീകരിച്ചു വരുന്നത്) മുഖേന 2/4/2015 ന് ഒരു വർഷം പൂർത്തിയാക്കിയ സ്റ്റാഫ് നഴ്സുമാർക്ക് 10 ശതമാനം ശമ്പള വർദ്ധനവ് നൽകി 15,300 രൂപ നൽകുന്നു. |
| ബി) | ഇവർക്ക് എന്തൊക്കെ അവധികൾ ആണ് ബാധകമായിട്ടുള്ളത്; | ബി) | ഒരു കരാർ കാലയളവിൽ ജനുവരി 26, ആഗസ്റ്റ് 15, ഒക്ടോബർ 2, വിഷു, ദു:ഖവെള്ളി, റംസാൻ, തിരുവോണം, ബക്രീദ്, ക്രിസ്തുമസ് എന്നീ ഹോളിഡേയ്സും വീക്കിലി ഓഫും, 20 കാഷ്വൽ അവധിയും നൽകി വരുന്നു. |
| സി) | ഇപ്രകാരം നിയമിക്കപ്പെട്ടിരിക്കുന്ന വനിതാ ജീവനക്കാർക്ക് നൽകിവരുന്ന പ്രസവ അവധി എത്ര ദിവസമാണ് എന്ന് വ്യക്തമാക്കുമോ? | സി) | എൻ.എച്ച്.എം.ൽ ഒരു വർഷം പൂർത്തിയാക്കുകയും നിലവിൽ സേവനം അനുഷ്ഠിച്ചുവരുന്ന വനിത ജീവനക്കാർക്ക് 90 ദിവസം ശമ്പളത്തോട് കൂടിയ പ്രസവാവധിയും ഒരു വർഷം പൂർത്തിയാകാത്തവർക്ക് 90 ദിവസത്തെ ശൂന്യവേതനപ്രസവാവധിയും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ